**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1209** | **31-01-2024 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നും നിലവിൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന അംഗങ്ങൾ എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 18896 അംഗങ്ങൾ ഉണ്ട്. 3855 അംഗങ്ങൾക്ക് പെൻഷനും, 350 അംഗങ്ങളുടെ കുടുംബങ്ങൾക്ക് ഫാമിലി പെൻഷനും, 7 അംഗങ്ങൾക്ക് അവശതാ പെൻഷനും നിലവിൽ നൽകി വരുന്നു. |
| (ബി) | സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ് ഉറപ്പ നൽകുന്ന മറ്റു ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കാമോ? | (ബി) | (ബി) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**പെൻഷൻ**<br><br>കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത നിബന്ധനപ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 4000 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകി വരുന്നത്. സൂപ്പർ ആന്വേഷൻ പെൻഷനുവേണ്ടി 5-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.<br><br>**കുടുംബ പെൻഷൻ**<br><br>കുറഞ്ഞത് രണ്ട് വർഷം അംശദായം അടച്ച ഒരു അംഗമോ, പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ യഥാർത്ഥ അവകാശികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച് ഫാമിലി പെൻഷന് അപേക്ഷ നൽകാവുന്നതും പ്രതിമാസം 1100 രൂപ ഫാമിലി പെൻഷന് അർഹതയുണ്ടായിരിക്കുന്നതും ആണ്. |

കുടുംബ പെൻഷന് അപേക്ഷിക്കുന്നയാൾ അപേക്ഷയോടൊപ്പം അംഗത്തിന്റെ, ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട അംഗവുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായ ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്. കുടുംബ പെൻഷനു വേണ്ടിയുള്ള അപേക്ഷ അംഗത്തിന്റെ മരണ തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്. കുടുംബ പെൻഷനു വേണ്ടി 7-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

**<u>അവശതാ പെൻഷൻ</u>**

നിധിയിൽ കുറഞ്ഞത് 5 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശത മൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ അത് അടച്ച് അംഗത്വം നിലനിറുത്തുന്ന പക്ഷം പ്രതിമാസം അവശതാപെൻഷന്
അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേക്ക് സർക്കാർ സർവ്വീസിലെ ഒരു സിവിൽ സർജന്റെ പദവിയിൽ താഴെ അല്ലാത്ത ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അവശതാ പെൻഷനു വേണ്ടി 6-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

**<u>ചികിത്സാ സഹായം:-</u>**

ക്ഷേമനിധിയിൽ തുടർച്ചയായി മൂന്ന് വർഷം അംശദായം അടച്ച "ചിസ് " ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗത്തിനും കുടുംബാംഗങ്ങൾക്കും ക്ഷേമനിധിയുടെ ആക്ടിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാ സഹായത്തിന് അർഹതയുണ്ടായിരിക്കും. മാരകരോഗങ്ങളായ ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ സംബന്ധമായ

| | | | |
|---|---|---|---|
| | | | അസുഖം എന്നിവയ്ക്ക് 1.5 ലക്ഷം രൂപ വരെ ചികിത്സാ സഹായത്തിനായി വ്യവസ്ഥ ഉണ്ട്.<br><br>**<u>വിവാഹ ആനുകൂല്യം:</u>**<br><br>കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിലേക്കായി 25,000 രൂപ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.<br><br>**<u>മരണാനന്തര ചെലവ്/സഹായം:-</u>**<br><br>ഒരംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി മൂവായിരം രൂപയും നിധിയിലെ ഒരംഗം അസുഖം മൂലമോ, അപകടം മൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്ന് വർഷത്തെ കാലാവധിക്കുള്ളിൽ മരണാനന്തര സഹായമായി 5000 രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വകാലയളവിന് 1000 രൂപ വീതവും, പരമാവധി 25,000 രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ